ഉത്തരം

(എ) ലഭ്യമായ റിപ്പോർട്ടുകളനുസരിച്ച് ഇല്ല.

(ബി&സി) ഇത്തരം പരിശോധന നാഷണൽ എയ്ഡ്സ് പോളിസിയ്ക്ക് വിരുദ്ധമായതിനാൽ നടത്തിയിട്ടില്ല.

(ഡി) അട്ടപ്പാടി പ്രദേശത്ത് കുടുംബാരോഗ്യ ബോധവല്ക്കരണത്തിന്റെ ഭാഗമായി കഴിഞ്ഞവർഷം മുതൽ എയ്ഡ്സ് ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

രോഗികൾക്ക് പൂപ്പൽ ബാധിച്ച റൊട്ടി വിതരണം ചെയ്ത സംഭവം

102 (873) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയിൽ കഴിഞ്ഞ ദിവസങ്ങളിൽ രോഗികൾക്ക് പൂപ്പൽ ബാധിച്ച റൊട്ടി വിതരണം ചെയ്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവത്തിനുത്തരവാദികളായവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉപയോഗശൂന്യമായ റൊട്ടി വിതരണം ചെയ്ത കരാറുകാരനും ഉദ്യോഗസ്ഥർക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പ്രസ്തുത സംഭവത്തിനുത്തരവാദികളായ ഉദ്യോഗസ്ഥരെ അച്ചടക്കനടപടിക്ക് വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കരാറുകാരനെതിരെ നടപടി എടുക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ

103 (874) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെഎച്ച്ആർഡബ്ല്യുഎസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ വളരെക്കാലമായി നടന്നിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആശുപത്രി പേവാർഡിൽ നിന്നും പ്രതിവർഷം എത്ര രൂപ വരുമാനം ലഭിക്കുന്നുണ്ട് ;

(സി) പ്രസ്തുത പേവാർഡിന്റെ അറ്റകുറ്റപ്പണികൾ എന്നത്തേക്ക് നടത്താൻ കഴിയുമെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly